ചുരുക്കത്തിൽ

നഷ്ടപരിഹാരം: തീരുമാനം 17ന്

തിരുവനന്തപുരം

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കൊല്ലപ്പെട്ട ഡോ. വന്ദന ദാസിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ അടുത്ത മന്ത്രിസഭാ യോഗം തീരുമാനമെടുക്കും. ബുധനാഴ്ചയാണ് യോഗം.

മോക്ക ബംഗ്ലാദേശ്– മ്യാന്മർ തീരത്തേക്ക്

തിരുവനന്തപുരം

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'മോക്ക' ചുഴലിക്കാറ്റ് ശക്തിപ്രാപിച്ച് ബംഗ്ലാദേശ്– മ്യാന്മർ തീരത്തേക്ക് നീങ്ങുന്നു.

മണിക്കൂറിൽ 175 കിലോമീറ്റർ വേഗത്തിൽ ശനിയാഴ്ച തീരംതൊടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. സംസ്ഥാനത്ത് സാധാരണ മഴ തുടരും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ശനിയാഴ്ചമുതൽ 16 വരെയും മറ്റു ജില്ലകളിൽ 14 വരെയുമാണ് നേരിയ മഴയ്ക്ക് സാധ്യത. കഴിഞ്ഞ ആഴ്ച ഇടുക്കിയിൽ ജില്ലയിൽ 36 ശതമാനം അധിക മഴ ലഭിച്ചു.

വന്ദേഭാരത് : സമയത്തിൽ മാറ്റം

തിരുവനന്തപുരം

വന്ദേഭാരത് എക്സ്പ്രസ് കൊല്ലം, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ സ്റ്റേഷനുകളിൽ എത്തുന്നതും പുറപ്പെടുന്നതുമായ സമയക്രമത്തിൽ മാറ്റം. 19 മുതൽ മാറ്റം നിലവിൽ വരും. മറ്റു സ്റ്റേഷനുകളിൽ മാറ്റമില്ല.

20634 തിരുവനന്തപുരം സെൻട്രൽ– കാസർകോട് വന്ദേഭാരത് എക്സ്പ്രസ് ഓരോ സ്റ്റേഷനിലും എത്തുന്ന/ പുറപ്പെടുന്ന പുതുക്കിയ സമയം. കൊല്ലം: രാവിലെ 6.08/ 6.10, കോട്ടയം: 7.24/ 7.27, എറണാകുളം ടൗൺ: 8.25/ 8.28, തൃശൂർ: 9.30/ 9.32. 20633 കാസർകോട്– തിരുവനന്തപുരം വന്ദേഭാരത് എക്സ്പ്രസ്– തൃശൂർ: വൈകിട്ട് 6.10/ 6.12, എറണാകുളം ടൗൺ: രാത്രി 7.17/ 7.20, കോട്ടയം: 8.10/ 8.13, കൊല്ലം: 9.30/9.32.

കെഎസ്ആർടിസിക്ക് 30 കോടി

തിരുവനന്തപുരം

കെഎസ്ആർടിസിക്ക് 30 കോടി രൂപ ധനവകുപ്പ് അനുവദിച്ചു. ജീവനക്കാർക്കുള്ള ശമ്പളത്തിന്റെ രണ്ടാംഗഡു ഉടൻ വിതരണം ചെയ്യുമെന്ന് മാനേജ്മെന്റ് അറിയിച്ചു.

നഴ്സസ് ദിനത്തിൽ നോവുപടർത്തി ഡോ. വന്ദന



സ്വന്തം ലേഖിക

തിരുവനന്തപുരം

സംസ്ഥാനതല നഴ്സസ് വാരാഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ നോവുപടർത്തി ഡോ .വന്ദനയുടെ ഓർമ്മകൾ. വന്ദനയുടെ വേർപാടിൽ ആദരാഞ്ജലി അർപ്പിച്ചാണ് ആരോഗ്യമന്ത്രി വീണാ ജോർജ് നഴ്സസ് വാരാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത്.

ആരോഗ്യപ്രവർത്തകർക്കെതിരായ അതിക്രമങ്ങളെ ഒറ്റക്കെട്ടായി ചെറുക്കണമെന്ന് മന്ത്രി പറഞ്ഞു. ഇത്തരം കുറ്റകൃത്യങ്ങൾക്ക് കർശന ശിക്ഷ ഉറപ്പാക്കും. ഇതിനായി 2012ലെ അതിക്രമം തടയൽ നിയമം കർശനമായി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. രോഗിയുടെ ജീവൻ രക്ഷിക്കുന്നവരുടെ മനോവീര്യം തകർക്കുന്ന സംഭവങ്ങളാണ് ഉണ്ടാകുന്നത്. ശാസ്ത്രീയ അടിത്തറയില്ലാതെ ആരോഗ്യപ്രവർത്തകരെ കുറ്റക്കാരാക്കുന്നതും അംഗീകരിക്കാനാകില്ല. സ്വപ്നം കണ്ടുതുടങ്ങിയ ഘട്ടത്തിലാണ് ഡോ. വന്ദന ദാസിന് ജീവൻ നഷ്ടമായത്. സാമ്പത്തിക പ്രതിസന്ധിയുള്ള രോഗികളെ സ്വന്തം കയ്യിൽനിന്ന് പൈസ എടുത്തുനൽകി സഹായിച്ച കുട്ടിയാണ്. ആ മകളുടെ വേർപാടിനുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നതായും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ മികച്ച നഴ്സുമാർക്ക് സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരവിതരണ മന്ത്രി നിർവഹിച്ചു. വാരാഘോഷത്തിന്റെ ഭാഗമായി നടത്താനിരുന്ന ഘോഷയാത്ര മാറ്റിവച്ചു. സംസ്ഥാനത്തെ മികച്ച നഴ്സുമാർക്കുള്ള സിസ്റ്റർ ലിനി പുതുശ്ശേരി പുരസ്കാരം പി ശ്രീദേവി, വി സിന്ധു മോൾ, എം സി ചന്ദ്രിക എന്നിവർക്ക് മന്ത്രി സമ്മാനിച്ചു. ചടങ്ങിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി.

ആക്‌ഷൻ പ്ലാൻ തയ്യാറായി; കസ്റ്റഡി അപേക്ഷ തിങ്കളാഴ്ച

- ഡോക്ടർമാരുടെ മൊഴി രേഖപ്പെടുത്തി

സ്വന്തം ലേഖകൻ

കൊല്ലം

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡോക്ടർ വന്ദന ദാസിനെ കുത്തിക്കൊന്ന കേസിൽ സമഗ്ര അന്വേഷണത്തിന് ആക്‌ഷൻ പ്ലാൻ തയ്യാറായി. ആശുപത്രിയിലെ സിസിടിവി ഹാർഡ് ഡിസ്കുകൾ അന്വേഷകസംഘം പരിശോധിച്ചു. എഡിജിപി എം ആർ അജിത്കുമാർ, ഡിഐജി നിശാന്തിനി എന്നിവർ കൊട്ടാരക്കരയിലെത്തി അന്വേഷണ പുരോഗതി വിലയിരുത്തി. താലൂക്കാശുപത്രിയിലെ ഒമ്പതു പേരിൽനിന്ന് പൊലീസ് മൊഴിയെടുത്തു. ആശുപത്രി സൂപ്രണ്ട്, സംഭവ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ, വാർഡ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ എന്നിവരുടെ മൊഴിയാണ് രേഖപ്പെടുത്തിയത്.

പൂജപ്പുര സെൻട്രൽ ജയിലിൽ റിമാൻഡിലുള്ള പ്രതി ജി സന്ദീപിനെ കസ്റ്റഡിയിൽ കിട്ടാൻ കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ തിങ്കളാഴ്ച അപേക്ഷ നൽകുമെന്ന് അന്വേഷണ ച്ചുമതലയുള്ള കൊല്ലം റൂറൽ ഡിവൈഎസ്പി എം എം ജോസ് പറഞ്ഞു.

ആരോഗ്യവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന പൊലീസ് മേധാവിക്കും ആരോഗ്യ ഡയറക്ടർക്കും തിങ്കളാഴ്ച നൽകും.

നിയമത്തിൽ കാലോചിതമായ മാറ്റം, ശിക്ഷ ഉറപ്പാക്കും

സ്വന്തം ലേഖിക

തിരുവനന്തപുരം

ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നവർക്ക് 2012ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമം പ്രകാരം ലഭിക്കുന്നത് മൂന്നുവർഷംവരെ തടവും 50,000 രൂപവരെ പിഴയും. ഇതിൽ കാലോചിതമായ പരിഷ്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ നിയമത്തിൽ മാറ്റം വരുത്തും. ഇക്കാര്യത്തിൽ കെജിഎംഒഎ, കെജിഎംസിടിഎ, ഐഎംഎ, കെജിഎൻഎ തുടങ്ങി ആരോഗ്യപ്രവർത്തക മേഖലയിലെ നിരവധി സംഘടനകളുമായി ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു.

ആരോഗ്യകേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തവരും താൽക്കാലിക രജിസ്ട്രേഷൻ ഉള്ളവരും ഉൾപ്പെടെയുള്ള മെഡിക്കൽ പ്രാക്ടീഷണർമാർ, രജിസ്റ്റർ ചെയ്ത നഴ്സുമാർ, മെഡിക്കൽ വിദ്യാർഥികൾ, നഴ്സിങ് വിദ്യാർഥികൾ, പാരാമെഡിക്കൽ ജീവനക്കാർ തുടങ്ങിയവരെല്ലാം നിയമപരിധിയിൽ വരും. ജാമ്യം ലഭിക്കാത്ത വകുപ്പാണിത്. ആരോഗ്യപ്രവർത്തകന്റെയോ ആരോഗ്യകേന്ദ്രത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാവര ജംഗമ വസ്തുക്കൾക്ക് അടക്കം കേടുപാട് വരുത്തുന്നതും നിയമപരിധിയിൽ വരും. നാശനഷ്ടങ്ങൾക്ക് അനുസൃതമായി പ്രതിയിൽനിന്ന് തുക ഈടാക്കണമെന്നും നിയമത്തിലുണ്ട്. നഷ്ടപരിഹാരം നൽകാത്ത പക്ഷം തുക പ്രതിയുടെ ഭൂനികുതി കുടിശ്ശികയായി ഈടാക്കാനും കഴിയും.

റിപ്പോർട്ട് ഒരു മാസത്തിനകം

പ്രശ്നം പരിഹരിക്കാൻ സമിതി

സ്വന്തം ലേഖിക

തിരുവനന്തപുരം

മെഡിക്കൽ പിജി വിദ്യാർഥികളും ഹൗസ് സർജൻമാരും ഉന്നയിച്ച വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകി. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് സമിതി. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കും. പിജി വിദ്യാർഥികളുടെയും ഹൗസ് സർജൻമാരുടെയും സംഘടനാ പ്രതിനിധികളുമായി ആരോഗ്യമന്ത്രി വീണാ ജോർജ് വെള്ളിയാഴ്ച നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് തീരുമാനം. ഹൗസ് സർജൻമാരുടെ പ്രശ്നങ്ങളും പരിശോധിക്കും. ഹൗസ് സർജൻമാർക്ക് നൈറ്റ് ഡ്യൂട്ടി ഒഴിവാക്കണമെന്ന ആവശ്യം സമിതി റിപ്പോർട്ട് വരുന്നമുറയ്ക്ക് അനുഭാവപൂർവം പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു.

മെഡിക്കൽ റസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി മറ്റ് ആശുപത്രികളിൽ പോകുന്നവർക്കായി ഉടൻതന്നെ എസ്ഒപി പുറത്തിറക്കും. റസിഡൻസി മാന്വൽ കർശനമായി നടപ്പാക്കും. അടിയന്തരമായി ഇതിനായി ഡിഎംഇ സർക്കുലർ ഇറക്കും. വകുപ്പ് മേധാവികൾ വിദ്യാർഥികളുടെ അവധി ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

ഹോസ്റ്റൽ സൗകര്യത്തിന്റെ കാര്യത്തിൽ അതത് സ്ഥാപനം പരിശോധന നടത്തി മുൻഗണന നൽകുന്നത് ഡിഎംഇ ഉറപ്പാക്കണം. സ്റ്റൈപെൻഡ് വർധനയ്ക്കുള്ള നിർദേശങ്ങളും സർക്കാർ പരിഗണനയിലാണ്. രോഗികളുടെ വിവരങ്ങൾ അറിയിക്കുന്നതിന് ബ്രീഫിങ് റൂം സ്ഥാപിക്കും. അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ള അലാം സമ്പ്രദായവും ആശുപത്രികളിൽ ഉറപ്പാക്കും. ചീഫ് സെക്യൂരിറ്റി ഓഫീസറുടെ നമ്പർ എല്ലാവർക്കും നൽകണമെന്നും മന്ത്രി നിർദേശിച്ചു. മെഡിക്കൽ വിദ്യാർഥികളുടെ മാനസികാരോഗ്യത്തിനും പരിഗണന നൽകും. വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്രഷ് സംവിധാനം എല്ലാ മെഡിക്കൽ കോളേജിലും നടപ്പാക്കും.

ചർച്ചയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ, എല്ലാ മെഡിക്കൽ കോളേജുകളിലെയും പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ, പിജി വിദ്യാർഥികളുടെയും ഹൗസ് സർജൻമാരുടെയും സംഘടനാ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

ആരോഗ്യപ്രവർത്തകരെ ആക്രമിക്കാൻ അനുവദിക്കില്ല

- സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കും

ആലപ്പുഴ

ആരോഗ്യപ്രവർത്തകരെ ഏതു ക്രിമിനലിനും വന്ന് ആക്രമിക്കാവുന്ന സ്ഥിതി ഇനി ഉണ്ടാകരുതെന്ന നിർബന്ധം സംസ്ഥാന സർക്കാരിനുണ്ടെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. ജെഎസ്എസിൽ നിന്നു സിപിഐ എമ്മിനൊപ്പം വന്ന 700ഓളം പ്രവർത്തകരെ സ്വീകരിക്കാൻ ആലപ്പുഴ ടൗൺഹാളിനു സമീപം ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആരോഗ്യപ്രവർത്തകരുടെ സുരക്ഷയ്ക്കുള്ള നിയമനിർമ്മാണത്തിനുള്ള ഒരുക്കത്തിലാണ് സർക്കാർ. കഴിഞ്ഞ സമ്മേളനം പ്രതിപക്ഷം അലങ്കോലമാക്കിയതിനാൽ അത് സാധിച്ചില്ല. എന്തിനെയും സർക്കാരിനെ ആക്രമിക്കാനുള്ള വടിയാക്കുന്ന പ്രതിപക്ഷം ഡോ. വന്ദനയുടെ മരണവും വിവാദമാക്കുകയാണ്.

മണിപ്പൂരിലെപ്പോലെ ആർഎസ്എസ് വിഷം കലക്കാൻ സാധ്യതയുള്ള സംസ്ഥാനമാണ് മതനിരപേക്ഷത തെളിനീരുപോലെ ഒഴുകുന്ന കേരളം. അതിനെ പ്രതിരോധിക്കാൻ നാം ജാഗ്രത പുലർത്തണം. മണിപ്പൂരിലെ കലാപം ആർഎസ്എസ് ബോധപൂർവം ഉണ്ടാക്കിയതാണ്. എല്ലാവരും സൗഹൃദത്തോടെ കഴിയുന്ന സ്ഥലമായിരുന്നു. ഏതു ഫാസിസ്റ്റുകളെയും പോലെ അവിടെ ജനങ്ങളെ തമ്മിലടിപ്പിക്കുകയായിരുന്നു ആർഎസ്എസ്. അതിനായി അവിടുത്തെ ഒരു വിഭാഗത്തിനു കൂടുതലായി സംവരണ ആനുകൂല്യങ്ങൾ നൽകി.

കേരളത്തിന്റെ വസ്തുനിഷ്ഠ

പഠനം മതനിരപേക്ഷത നിലനിർത്താൻ ആവശ്യമാണ്. പരശുരാമൻ മഴു വെറിഞ്ഞുണ്ടാക്കിയതല്ല കേരളമെന്ന് ആദ്യം പറഞ്ഞ ദാർശനികൻ ചട്ടമ്പി സ്വാമികളാണ്. പരശുരാമൻ മഴുവെറിഞ്ഞിട്ട് കേരളം ബ്രാഹ്മണർക്കു കൊടുത്തുവെന്ന വാദം ബ്രാഹ്മണമേധാവിത്വം സ്ഥാപിക്കാനാണ്.

ഗുണമേന്മയുള്ള ജീവിതം എല്ലാവർക്കും ഉറപ്പുവരുത്തുന്ന സംസ്ഥാനം കേരളം മാത്രമാണ്. യുപിയിൽ 22 ശതമാനം ദരിദ്രരുള്ളപ്പോൾ കേരളത്തിൽ അത് 0.7 ശതമാനമാണ്. പാർലമെന്ററി സംവിധാനത്തിൽ ഫലപ്രദമായി ഇടപെട്ട് എല്ലാവർക്കും ഭൂമിയും വീടും വസ്ത്രവും വിദ്യാഭ്യാസവും ലഭ്യമാക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രക്കമ്മിറ്റിയംഗം സി എസ് സുജാത അധ്യക്ഷയായി.

പ്രതിപക്ഷം നടത്തുന്നത് കുപ്രചാരണം

മുട്ടുചിറ (കോട്ടയം)

ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിന് പിന്നാലെ പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും സർക്കാരിനും മന്ത്രിമാർക്കെതിരെയും കുപ്രചാരണം നടത്തുകയാണെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. വന്ദന ദാസിന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ചശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രതിപക്ഷം ഗൗരവമായ ഒരു കാര്യവും ശ്രദ്ധിക്കാതെ സർക്കാരിനെതിരായ കുപ്രചാരണത്തിന് എന്താണ് കിട്ടുകയെന്ന് നോക്കി നടക്കുകയാണ്. സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അറിയില്ലെന്നുണ്ടോ പൊലീസിന്റെ തോക്ക് ചട്ടം

ഹൈക്കോടതി പരാമർശത്തിൽ സമൂഹമാധ്യമങ്ങളിൽ വിമർശം

കൊച്ചി

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡോ. വന്ദനയെ കൊലപ്പെടുത്തുമ്പോൾ പൊലീസിന്റെ കൈയിൽ തോക്കില്ലായിരുന്നോ എന്ന ഹൈക്കോടതിയുടെ പരാമർശം വിവാദത്തിൽ. ഈ പരാമർശത്തെ നിരവധിപേർ സമൂഹമാധ്യമങ്ങളിലൂടെ വിമർശിച്ച് രംഗത്തെത്തി.

ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കാതെ കേരള പൊലീസിന്റെ തോക്ക് ഉപയോഗിക്കാനാകില്ലെന്ന് അറിയാമായിരുന്നിട്ടും ഹൈക്കോടതി ജഡ്ജി പൊലീസിനെ പ്രതിക്കൂട്ടിൽ നിർത്താനാണ് അങ്ങിനെ പ്രതികരിച്ചതെന്നാണ് വിമർശനം.

തോക്ക് ഉപയോഗിക്കാൻ കൃത്യമായ നടപടിക്രമങ്ങളും ചട്ടങ്ങളുമുണ്ട്. സിവിൽ പൊലീസ് ഓഫീസർ മുതൽ സംസ്ഥാന പൊലീസ് മേധാവിവരെയുള്ളവർക്ക് റൈഫിളും പിസ്റ്റളുമുണ്ടെങ്കിലും അതെടുത്ത് ഇഷ്ടമുള്ളപ്പോൾ വെടിവയ്ക്കാനാകില്ല. കേരള പൊലീസ് മാന്വലും സർക്കുലറുകളും അനുശാസിക്കുന്നവിധത്തിലും സന്ദർഭങ്ങളിലുമേ തോക്ക് ഉപയോഗിക്കാനാകൂ.

സാധാരണ സിവിൽ പൊലീസ് ഓഫീസർമാർക്ക് റൈഫിളുകളും എഎസ്ഐമുതൽ മുകളിലേക്കുള്ളവർക്ക് പിസ്റ്റളുമാണ് അനുവദിച്ചിട്ടുള്ളത്. ഇവ അതത് സ്റ്റേഷനുകളിലുള്ള ആയുധപ്പുരകളിലാണ് സൂക്ഷിക്കുക. തോക്കിലെ വെടിയുണ്ടകളുടെ എണ്ണമടക്കം രേഖപ്പെടുത്തിയിരിക്കും. തോക്ക് എന്താവശ്യത്തിന് ഉപയോഗിക്കുന്നുവെന്ന് കൈപ്പറ്റുമ്പോൾ വ്യക്തമാക്കണം. മടക്കി നൽകുമ്പോഴും പാറാവ് ബുക്കിൽ രേഖപ്പെടുത്തണം.

പൊലീസിന്റെ തോക്ക് ഉപയോഗിച്ച് വെടിവയ്ക്കുന്നതിനും ചട്ടങ്ങളുണ്ട്. സ്വയരക്ഷയ്ക്കുവേണ്ടിയോ കലാപങ്ങൾ പിരിച്ചുവിടാനോ മാത്രമേ ഉപയോഗിക്കാവൂ എന്നാണ് നിയമം.ചില പ്രത്യേക സാഹചര്യത്തിൽ തോക്ക് സ്വയരക്ഷയ്ക്ക് ഉപയോഗിക്കുമ്പോൾ വിശദാംശങ്ങൾ മേലുദ്യോഗസ്ഥർക്ക് നൽകണം. സഹായം അഭ്യർഥിച്ച് വരുന്നയിടങ്ങളിലേക്ക് പോകുമ്പോൾ തോക്ക് കൈയിൽ കരുതാറില്ല. കലാപമോ അക്രമങ്ങളോ

ഉണ്ടാകുന്ന സ്ഥലങ്ങളിലേക്ക് പോകുമ്പോൾ കരുതാറുണ്ട്. പക്ഷേ, ഉപയോഗിക്കണമെങ്കിൽ ജില്ലാ മജിസ്ട്രേട്ടായ കലക്ടർ ഉത്തരവിടണം. കലാപം നിയന്ത്രിക്കാൻ ആകാശത്തേക്ക് വെടിയുതിർക്കണമെങ്കിലും ജില്ലാ മജിസ്ട്രേട്ടിന്റെ ഉത്തരവ് വേണം. വെടിവയ്ക്കുന്നതിനുമുമ്പ് കലാപകാരികൾ പിരിഞ്ഞുപോകാൻ അനൗൺസ്മെന്റ് നടത്തണം. പിന്നീട് ലാത്തിച്ചാർജ്, ജലപീരങ്കി, ഗ്രനേഡ് പ്രയോഗം തുടങ്ങിയവയ്ക്കുശേഷം അക്രമികൾ പിരിഞ്ഞില്ലെങ്കിൽ വെടിവയ്ക്കുമെന്ന് മുന്നറിയിപ്പും നൽകണം. അതിനുശേഷം ജില്ലാ മജിസ്ട്രേട്ടിന്റെ ഉത്തരവ് അനുസരിച്ചേ വെടിയുതിർക്കാനാകൂ.

മന്ത്രിമാരെ അധിക്ഷേപിച്ച് തിരുവഞ്ചൂരും ഡിസിസി പ്രസിഡന്റും

സ്വന്തംലേഖകൻ

കോട്ടയം

മന്ത്രിമാരായ വീണാ ജോർജിനെയും വി എൻ വാസവനെയും ആക്ഷേപിച്ച് കോൺഗ്രസ് നേതാക്കൾ. മുൻമന്ത്രികൂടിയായ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും കോട്ടയം ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷുമാണ് അധിക്ഷേപക പരാമർശങ്ങൾ നടത്തിയത്. ആരോഗ്യ മന്ത്രിയുടേത് കഴുതക്കണ്ണീരാണെന്നായിരുന്നു തിരുവഞ്ചൂരിന്റെ പരിഹാസം. കൈയിൽ ഗ്ലിസറിൻ തേച്ചാണ് മന്ത്രി കരഞ്ഞതെന്നും തിരുവഞ്ചൂർ അധിക്ഷേപിച്ചു. കോട്ടയത്ത് കോൺഗ്രസ് സംഘടിപ്പിച്ച എസ്പി ഓഫീസ് മാർച്ചിനിടെയാണ് പരാമർശം.

കുടുംബാംഗങ്ങളുടെ കൂടെ സമയം ചെലവഴിക്കാൻ മന്ത്രി ആരാണെന്നും മന്ത്രിക്ക് നാണമില്ലേ എന്നും നാട്ടകം സുരേഷ് പറഞ്ഞു. ഇക്കാര്യങ്ങൾ ചാനലുകളിൽ വാർത്തയുമാക്കി. ഇരുനേതാക്കളുടെയും ഇത്തരം പരാമർശം ശരിയായില്ലെന്ന് അവിടെയുണ്ടായിരുന്ന ചില നേതാക്കൾ അടക്കം പറഞ്ഞു.

ആശുപത്രികൾക്ക് എസ്ഐഎസ്എഫ് കാവൽ

- ആലോചന ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ
- സുരക്ഷാ പ്രോട്ടോകോൾ പുതുക്കാനും പൊലീസിൽ ആലോചന

സുജിത് ബേബി

തിരുവനന്തപുരം

സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് സംസ്ഥാന വ്യവസായ സുരക്ഷാ സേന(എസ്ഐഎസ്എഫ്)യുടെ കാവലേർപ്പെടുത്താൻ പൊലീസിൽ ആലോചന. ആശുപത്രികൾക്ക് എസ്ഐഎസ്എഫ് സുരക്ഷ ഏർപ്പെടുത്തണമെന്ന ഹൈക്കോടതി നിർദേശത്തിന്റെയും കഴിഞ്ഞ ദിവസം ചേർന്ന ഉന്നതതല യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് നീക്കം. സുരക്ഷാ പ്രോട്ടോക്കോളുണ്ടാക്കുന്നതിനെക്കുറിച്ചും ആലോചനയുണ്ട്.

വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷയേർപ്പെടുത്തുകയാണ് പൊലീസിന്റെ പ്രാഥമിക ചുമതല. നിലവിൽ വ്യവസായ സ്ഥാപനങ്ങൾക്ക് പുറമെ പൊതുമേഖലാ സ്ഥാപനങ്ങളും ദേശസാൽകൃത ബാങ്കുകൾക്കും സർക്കാർ ആവശ്യപ്പെടുന്ന ഗവ. സ്ഥാപനങ്ങൾക്കും എസ്ഐഎസ്എഫ് സുരക്ഷ ഏർപ്പെടുത്താറുണ്ട്.

പുതിയ സാഹചര്യത്തിൽ ആശുപത്രികളിൽ എസ്ഐഎസ്എഫ് സുരക്ഷ ഏർപ്പെടുത്തുന്നത് ഗുണകരമായിരിക്കുമെന്നാണ് ഉന്നത പൊലീസുദ്യോഗസ്ഥരുടെ അഭിപ്രായം.

കഴിഞ്ഞ ദിവസം ചേർന്ന ഉന്നതതല യോഗത്തിലും ആശുപത്രികളിൽ സുരക്ഷിതമായി ജോലി ചെയ്യാനുള്ള സാഹചര്യമൊരുക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാൻ പൊലീസിന് നിർദേശം നൽകിയിരുന്നു.

ആശുപത്രികളിലെ സുരക്ഷാ പ്രോട്ടോക്കോൾ പരിഷ്കരിക്കുന്നതിനെക്കുറിച്ചും ആലോചനയുണ്ട്. നിലവിൽ അറസ്റ്റിലായ പ്രതികളെ മെഡിക്കൽ പരിശോധനയ്ക്ക് കൊണ്ടുവരുമ്പോൾ പാലിക്കേണ്ട പ്രോട്ടോക്കോൾ നിലവിലുണ്ട്. ഇത് പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ സർവീസിലുള്ള ഡോക്ടർമാരുടെ അടുത്തുവേണം പരിശോധന നടത്താൻ. പ്രതിയെ ഹാജരാക്കുന്ന പൊലീസുകാർ പരിശോധനാ സമയത്ത് അൽപം മാറി നിൽക്കുന്നതാകും ഉചിതം. പ്രതിക്കും ഡോക്ടർക്കുമിടയിൽ ആവശ്യമായ സൗകര്യമുണ്ടാക്കുന്നതിനാണിത്. അതേസമയം, പ്രതി രക്ഷപെടാനുള്ള സാഹചര്യം ഒഴിവാക്കുകയും വേണം. പ്രതി സ്ത്രീയെങ്കിൽ പരിശോധനയ്ക്കും വനിതാ ഡോക്ടറാണ് ഉചിതം തുടങ്ങിയ കാര്യങ്ങളാണ് പ്രോട്ടോക്കോളിൽ പറയുന്നത്.

അറസ്റ്റിലായ വ്യക്തിയുടെ കാര്യത്തിൽ മാത്രമാണ് നിലവിൽ പ്രോട്ടോക്കോൾ ബാധകം.

വന്ദന കൊലക്കേസിന്റെ സാഹചര്യത്തിൽ ലഹരിക്കടിപ്പെട്ട പരാതിക്കാരനെ കൊണ്ടുവരുമ്പോഴും സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കണമെന്ന ആവശ്യം വിവിധ കോണുകളിൽ നിന്നുയരുന്നുണ്ട്. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചാകും പുതിയ പ്രോട്ടോക്കോൾ നിർമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയെന്ന് പൊലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

- രാജ്യത്ത് ആദ്യം; 15ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തൊഴിലുറപ്പ് ക്ഷേമനിധിയും യാഥാർഥ്യത്തിലേക്ക്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി യാഥാർഥ്യത്തിലേക്ക്. രാജ്യത്തുതന്നെ ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിക്കുന്ന ക്ഷേമനിധി 15ന് പാലക്കാട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. പെൻഷൻ, വിവാഹ ധനസഹായം, പഠനസഹായം ഉൾപ്പെടെ മുഴുവൻ തൊഴിലുറപ്പ് തൊഴിലാളി കുടുംബാംഗങ്ങളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതാണ് ക്ഷേമനിധി.

41 ലക്ഷം കുടുംബവും 63 ലക്ഷം തൊഴിലാളികളും സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും രജിസ്റ്റർ ചെയ്തവർക്ക് ക്ഷേമനിധി അംഗത്വം സ്വീകരിക്കാം. രജിസ്റ്റർ ചെയ്യുന്ന തൊഴിലാളി മാസം അടയ്ക്കുന്ന 50 രൂപ അംശദായത്തിന് തുല്യമായ തുക സർക്കാർ വിഹിതമായി നൽകും.

18 വയസ്സ് പൂർത്തിയായതും 55 പൂർത്തിയാക്കിയിട്ടില്ലാത്തവരും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിനു തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് 20 ദിവസമെങ്കിലും അവിദഗ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുമായവർക്ക് അംഗങ്ങളാകാം.

60 പൂർത്തിയായിട്ടുള്ളതും 60 വരെ തുടർച്ചയായി അംശദായം അടയ്ക്കുകയും ചെയ്തവർക്ക് പെൻഷൻ, 10 വർഷത്തിൽ കുറയാത്ത കാലത്തേക്ക് അംശദായം അടച്ച അംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ, അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തികസഹായം, അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ അംഗത്വം അവസാനിപ്പിക്കേണ്ടിവന്നാൽ അടച്ച അംശദായതുക നിർദേശിക്കപ്പെട്ട പലിശസഹിതം തിരികെ ലഭ്യമാകും, ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സയ്ക്കായി സാമ്പത്തിക സഹായം, വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം, അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കും.

- പ്രതിരോധരംഗത്തും കരാർവൽക്കരണം

നാവിക ആസ്ഥാനത്തെ 796 സിവിലിയൻ തസ്തിക നിർത്തലാക്കി

പ്രത്യേക ലേഖകൻ

കൊച്ചി

പ്രതിരോധമേഖലയിലും കരാർവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കൊച്ചി ദക്ഷിണ നാവിക ആസ്ഥാനത്തെ 796 സിവിലിയൻ തസ്തികകൾ കേന്ദ്രസർക്കാർ നിർത്തലാക്കി. രാജ്യമാകെ 7845 തസ്തിക നിർത്തലാക്കുന്നതിന്റെ ഭാഗമായാണിത്. അത്യാവശ്യ ഒഴിവുകളിലേക്ക് കരാർനിയമനം നടത്താനാണ് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നിർദേശം.

അമ്യൂണിഷൻ മെക്കാനിക്, ഇലക്ട്രീഷ്യൻ, മെഷിനിസ്റ്റ്, ഫയർ സർവീസ് സ്റ്റാഫ്, ക്ലറിക്കൽ തസ്തികകൾ എന്നിവയടക്കമാണ് നിർത്തലാക്കുന്നത്. ക്യാന്റീൻ ഒഴിവുകളും കരാറാക്കും. എൻപിഒഎൽ, എംഇഎസ് വിഭാഗത്തിലെ തസ്തികകൾ കൂടാതെയാണ് നാവിക കമാൻഡിൽ ഇത്രയധികം തസ്തിക നിർത്തലാക്കുന്നത്. കോവിഡിന്റെ മറവിലാണ് തസ്തിക നിർത്തലാക്കൽ പ്രക്രിയ ആരംഭിച്ചത്. തസ്തികകൾ പുനർവിന്യസിക്കാനെന്നപേരിൽ ഹൈദരാബാദിലെ സ്വകാര്യ ഏജൻസിയെ പഠനത്തിന് നിയോഗിച്ചു. അവർ നൽകിയ റിപ്പോർട്ട് സിവിലിയൻ ജീവനക്കാരുമായി ചർച്ച ചെയ്യാതെയാണ് കേന്ദ്രമന്ത്രാലയം തസ്തികകൾ നിർത്തലാക്കി ഉത്തരവിറക്കിയത്.

കള്ളങ്ങൾ പൊളിഞ്ഞപ്പോൾ ആക്രോശം മന്ത്രിമാരോട്

പ്രത്യേക ലേഖകൻ

തിരുവനന്തപുരം

ഇല്ലാത്ത അഴിമതിക്കഥകൾ മാധ്യമങ്ങളുടെ സഹായത്തോടെ ആഴ്ചകളോളം കെട്ടിയെഴുന്നള്ളിച്ച് നടന്നിട്ടും ജനം വകവയ്ക്കാതെ വന്നതോടെ മന്ത്രിമാർക്കെതിരെ പ്രതിപക്ഷത്തിന്റെ ആക്രോശം. താനൂർ ബോട്ട് അപകടത്തിന്റെ പേരിൽ മന്ത്രി വി അബ്ദുറഹിമാനുനേരെയും കൊട്ടാരക്കരയിലെ ദാരുണമായ കൊലപാതകത്തിന്റെ മറവിൽ മന്ത്രി വീണാ ജോർജിനുനേരെയുമാണ് ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്നത്.

താനൂരിൽ രജിസ്ട്രേഷൻപോലും പൂർത്തിയാകാത്ത ബോട്ടിൽ ശേഷിയുടെ ഇരട്ടിയോളം യാത്രക്കാരെ കയറ്റി സന്ധ്യക്കുശേഷം യാത്ര നടത്തിയതാണ് അപകടത്തിനു കാരണം. സംഭവമുണ്ടായ ഉടൻ പരമാവധി വേഗത്തിൽ രക്ഷാപ്രവർത്തനത്തിനും കുറ്റവാളികളെ അകത്താക്കാനുമാണ് സർക്കാർ ശ്രമിച്ചത്. മുഖ്യമന്ത്രിയും മന്ത്രിമാരും കോൺഗ്രസിന്റെയും മുസ്ലിം ലീഗിന്റെയും അടക്കം പ്രതിപക്ഷ നേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്താണ് അപകടവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ തീരുമാനമെടുത്തതും അന്വേഷണരീതി തീരുമാനിച്ചതും. അന്നൊന്നും ഉയർത്താത്ത വിഷയങ്ങൾ പിന്നീട് പൊങ്ങിവന്നതിനു പിന്നിൽ രാഷ്ട്രീയ ദുഷ്ടലാക്കുമാത്രം.

വീണാ ജോർജ് മന്ത്രിയായതുമുതൽ ചില മാധ്യമങ്ങളും പ്രതിപക്ഷ നേതാവടക്കമുള്ളവരും നടത്തുന്ന ആക്രമണം കൊട്ടാരക്കര സംഭവത്തിൽ സകല സീമകളും ലംഘിച്ചു. ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സമയത്ത് ആശുപത്രിയിൽ നടന്ന കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് വിവരിച്ച മന്ത്രിയുടെ വാക്കുകളെ വളച്ചൊടിച്ചായിരുന്നു അധിക്ഷേപം. മന്ത്രിക്ക് ദുഃഖം പങ്കിടാനോ വിതുമ്പാനോ കരയാനോപോലും പ്രതിപക്ഷത്തിന്റെയും ചില മാധ്യമങ്ങളുടെയും അനുവാദം വേണമെന്ന നിലയ്ക്കായിരുന്നു കോലാഹലം.

എഐ ക്യാമറയുമായി ബന്ധപ്പെട്ട് രണ്ടാഴ്ചക്കാലം വിവാദ പരമ്പരകളുണ്ടാക്കിയെങ്കിലും പ്രതിപക്ഷ നേതാക്കൾക്കോ മാധ്യമങ്ങൾക്കോ ഒരു തെളിവുപോലും കൊണ്ടുവരാൻ കഴിഞ്ഞില്ല. സ്വയം പരിഹാസ്യരായ സാഹചര്യത്തിലാണ് താനൂർ ബോട്ടപകടവും കൊട്ടാരക്കരയിലെ ഡോക്ടറുടെ കൊലപാതകവും അവസരമാക്കി പ്രതിപക്ഷവും ചില മാധ്യമങ്ങളും പുതിയ തിരക്കഥകൾ തയ്യാറാക്കി മന്ത്രിമാർക്കെതിരെ തിരിഞ്ഞത്.